"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - ബ്രോയിലർ ഫാം ആരംഭിക്കുന്നതിനായി കൊല്ലം കൊട്ടാരക്കര താലൂക്കിലെ കോട്ടുക്കൽ വില്ലേജിൽ ബ്ലോക്ക് 44-ൽ റീ സർവ്വേ നം 55-ൽ കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷന് (കെപ്കോ) നൽകിയ 10 ഏക്കർ ഭൂമിയുടെ പാട്ടത്തുകയിൽ ഇളവ് നൽകി, 2025-2026 സാമ്പത്തിക വർഷം മുതൽ ഏക്കർ ഒന്നിന് 1000 രൂപ നിരക്കിൽ പാട്ടത്തുക പുതുക്കി നിശ്ചയിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (എം) വകുപ്പ്

സ.ഉ.(കൈ) നം.95/2026/RD തീയതി,തിരുവനന്തപുരം, 27-02-2026

പരാമർശം:-

1. സ.ഉ.(കൈ).നം.96/2016/റവ തീയതി 06.02.2016.
2. സ.ഉ.(കൈ).നം.89/2021/റവ തീയതി 26.02.2021.
3. കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ (കെപ്കോ) എം.ഡി-യുടെ 18.01.2023, 03.02.2026 തീയതികളിലെ KSPDC/Kottukkal Farm/2023/055 നമ്പർ കത്തുകൾ.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 16.05.2024-ലെ LR/3548/2022-LR(J9) നമ്പർ കത്ത്.

ഉത്തരവ്

കൊല്ലം കൊട്ടാരക്കര താലൂക്കിലെ കോട്ടുക്കൽ വില്ലേജിലെ ബ്ലോക്ക് 44-ൽ റീ സർവ്വേ നം 55-ൽപെട്ട 10 ഏക്കർ ഭൂമി, പ്രസ്തുത ഭൂമിയുടെ കമ്പോളവിലയുടെ 2% തുകയായ 3,24,000/- രൂപ വാർഷിക പാട്ടമായി നിശ്ചയിച്ചുകൊണ്ട് 2020-21 മുതൽ 15 വർഷത്തേക്ക് സംസ്ഥാന പൗൾട്രി വികസന കോർപറേഷന് (കെപ്കോ) പാട്ടത്തിനു നൽകികൊണ്ട് പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2020-21 മുതൽ 2024-25 വരെ ലീസ് ഇനത്തിൽ 17,01,000/- രൂപ കെപ്കോ അടച്ചിട്ടുള്ളതാണെന്നും, നിർദ്ദിഷ്ടസ്ഥലത്ത് സംസ്കരണശാലയുടെ പണികൾ ആരംഭിച്ച് വേഗത്തിൽ പണി പൂർത്തീകരിക്കുവാൻ വേണ്ട നടപടികളുമായി മുന്നോട്ട് പോകുകയാണെന്നും, സർക്കാരിന്റെ പൂർണ്ണമായ ഉടമസ്ഥതയിലുള്ളതും, സഞ്ചിത നഷ്ടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന സ്ഥാപനം എന്ന നിലയിൽ, നിലവിലെ ലീസ് തുക സ്ഥാപനത്തിന് താങ്ങാവുന്നതിലും അധികമാണെന്നും, സംസ്കരണ ശാല പ്രവർത്തനക്ഷമമായി ലാഭകരമാകുന്നത് വരെയുള്ള കാലയളവ് വരെ ഈ തുക ലീസ് ഇനത്തിൽ നൽകുന്നത് സ്ഥാപനത്തെ കടുത്ത സാമ്പത്തിക ഞെരുക്കത്തിൽ കൊണ്ടെത്തിക്കുന്നതാണെന്നും, ആയതിനാൽ പരാമർശം (2) പ്രകാരം അനുവദിച്ച ഭൂമിയുടെ ലീസ് തുകയിൽ പരമാവധി ഇളവ് അനുവദിച്ചു നൽകണമെന്നും അവശ്യപ്പെട്ടുകൊണ്ട് കെപ്കോ മാനേജിങ് ഡയറക്ടർ പരാമർശം (3) പ്രകാരം കത്ത് നല്കിയിട്ടുള്ളതാണ്. 2024-2025 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ ടാക്സ് ഓഡിറ്റ്

കണക്ക് പ്രകാരം സഞ്ചിത നഷ്ടം 15.03 കോടി രൂപയാണെന്നും കെപ്‌കോ മാനേജിങ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഭക്ഷ്യോത്പ്പാദനവും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാർ സ്ഥാപനമാണ് കെപ്‌കോയെന്നും, ആയതിനാൽ പൊതു താത്പര്യം മുൻനിർത്തി പാട്ടത്തുകയിൽ കുറവ് വരുത്തുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നാണ് പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുള്ളത്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം, പഞ്ചായത്ത് പ്രദേശങ്ങളിൽ ഭൂമി പാട്ടത്തിന് നല്കുന്നതിനുള്ള നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത് പരാമർശം (1) നമ്പർ ഉത്തരവ് പ്രകാരമാണ്. കെപ്‌കോ എന്നത് കേരള സർക്കാരിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ്. അതിനാൽ പ്രസ്തുത ഉത്തരവിലെ "Land leased out to Public Sector Institutions of the State Government" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, കമ്പോളവിലയുടെ 2% നിരക്കിലാണ് വാർഷിക പാട്ടം കണക്കാക്കിയിരിക്കുന്നത്. പരാമർശം (2) പ്രകാരം കമ്പോളവിലയുടെ 2% തുകയായ 3,24,000/- രൂപ വാർഷിക പാട്ടമായി കണക്കാക്കികൊണ്ടാണ് 2020-21 മുതൽ 15 വർഷത്തേക്ക് പാട്ടത്തിന് നല്കിയത്.

5. 2020-21 മുതൽ 2024-25 വരെ ലീസ് ഇനത്തിൽ 17,01,000/- രൂപ കെപ്‌കോ അടച്ചിട്ടുള്ളത് പരിഗണിച്ചും, നിലവിലെ ലീസ് തുക സ്ഥാപനത്തിന് താങ്ങാവുന്നതിലും അധികമാണെന്നും, നിർമാണം നടന്നുകൊണ്ടിരിക്കുന്ന സംസ്കരണ ശാല പ്രവർത്തനക്ഷമമായി ലാഭകരമാകുന്നത് വരെയുള്ള കാലയളവ് വരെ നിലവിലെ ലീസ് നിരക്കിൽ നൽകുന്നത് സ്ഥാപനത്തെ കടുത്ത സാമ്പത്തിക ഞെരുക്കത്തിൽ കൊണ്ടെത്തിക്കുന്നതാണെന്നും, ആയതിനാൽ പരാമർശം (1) പ്രകാരം അനുവദിച്ച ഭൂമിയുടെ ലീസ് തുകയിൽ പരമാവധി ഇളവ് അനുവദിച്ചു നൽകണമെന്ന കെപ്‌കോ മാനേജിങ് ഡയറക്ടറുടെ അഭ്യർത്ഥന മാനിച്ചുകൊണ്ടും, സർക്കാരിന്റെ പൂർണ്ണമായ ഉടമസ്ഥതയിലുള്ളതും, സഞ്ചിത നഷ്ടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന സ്ഥാപനം എന്നത് പരിഗണിച്ചും, ബ്രോയിലർ ഫാം ആരംഭിക്കുന്നതിനായി കൊല്ലം കൊട്ടാരക്കര താലൂക്കിലെ കോട്ടുക്കൽ വില്ലേജിൽ ബ്ലോക്ക് 44-ൽ റീ സർവ്വേ നം 55-ൽ കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷന് (കെപ്‌കോ) നൽകിയ 10 ഏക്കർ ഭൂമിക്ക് പരാമർശം (2) പ്രകാരം നിശ്ചയിച്ചു നൽകിയ പാട്ടത്തുകയിൽ ഇളവ് നൽകി, 2025-2026 സാമ്പത്തിക വർഷം മുതൽ ഏക്കർ ഒന്നിന് 1000 രൂപ നിരക്കിൽ പാട്ടത്തുക പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ കൊല്ലം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കൊല്ലം.

തഹസിൽദാർ, കൊട്ടാരക്കര.

മാനേജിങ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ (കെപ്‌കോ), പേട്ട, തിരുവനന്തപുരം.

മൃഗസംരക്ഷണ വകുപ്പ് (F1/127/2021/AH ഫയൽ പ്രകാരം)

ധനകാര്യ വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ് (20.02.2026-ലെ ഇനം നം:3711 പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ (Comp.No 2035772)

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 27-02-2026 15:36:28
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
റവന്യൂ സെക്രട്ടറിയുടെ പി.എ-യ്ക്ക്.
റവന്യൂ അഡിഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 20-02-2026**

ഫയൽ നം. എം1/27/2022/റവ.

ഇനം നം: 3711

വിഷയം : റവന്യൂ വകുപ്പ് - ബ്രോയിലർ ഫാം ആരംഭിക്കുന്നതിനായി കൊല്ലം കൊട്ടാരക്കര താലൂക്കിലെ കോട്ടുക്കൽ വില്ലേജിൽ ബ്ലോക്ക് 44-ൽ റീസർവ്വേ നം.55-ൽ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് (കെപ്കോ) നൽകിയ 10 ഏക്കർ ഭൂമിയുടെ പാട്ടത്തുക 2025-2026 സാമ്പത്തിക വർഷം മുതൽ ഏക്കർ ഒന്നിന് 1000 രൂപ നിരക്കിൽ നിശ്ചയിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3711

**കേരള സർക്കാർ**
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എം1/27/2022/റവ |
| 2. | വകുപ്പ് | റവന്യൂ(എം) വകുപ്പ് |
| 3. | വിഷയം | ബ്രോയിലർ ഫാം ആരംഭിക്കുന്നതിനായി കൊല്ലം കൊട്ടാരക്കര താലൂക്കിലെ കോട്ടുക്കൽ വില്ലേജിൽ ബ്ലോക്ക് 44-ൽ റീ സർവ്വേ നം 55-ൽ കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷന് (കെപ്കോ) നൽകിയ 10 ഏക്കർ ഭൂമിയുടെ പാട്ടത്തുക 2025-2026 സാമ്പത്തിക വർഷം മുതൽ ഏക്കർ ഒന്നിന് 1000 രൂപ നിരക്കിൽ നിശ്ചയിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 30.07.2025<br>(ഫയൽ നമ്പർ : എഫ്1/127/2021/എ.എച്ച്) |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>(മൃഗസംരക്ഷണ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്) |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.എ.ഗീത |
| 8. | കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | ശ്രീ.എം.ജി.രാജമാണിക്കം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 17.02.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 17.02.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 17.02.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 17.02.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

1) കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ കോട്ടുക്കൽ വില്ലേജിൽ ബ്രോയിലർ ഫാം തുടങ്ങുന്നതിനായി Kerala State Poultry Development Corporation (KEPCO)-ന് പാട്ടത്തിനു നൽകിയ ഭൂമിയുടെ പാട്ടത്തുകയിൽ ഇളവ് നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2.) കൊല്ലം കൊട്ടാരക്കര താലൂക്കിലെ കോട്ടുക്കൽ വില്ലേജിലെ ബ്ലോക്ക് 44-ൽ റീ സർവ്വേ നം 55-ൽപെട്ട 10 ഏക്കർ ഭൂമി, പ്രസ്തുത ഭൂമിയുടെ കമ്പോളവിലയുടെ 2% തുകയായ 3,24,000/- രൂപ വാർഷിക പാട്ടമായി നിശ്ചയിച്ചുകൊണ്ട് 2020-21 മുതൽ 15 വർഷത്തേക്ക് KEPCO-യ്ക്ക് പാട്ടത്തിനു നൽകി G.O.(Ms) 89/2021/RD dated 26.02.2021 നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2020-21, 2021-22, 2022-23, 2023-24, 2024-25 വരെ ലീസ് ഇനത്തിൽ 17,01,000/- രൂപ കെപ്കോ അടച്ചിട്ടുള്ളതാണെന്നും, നിർദ്ദിഷ്ടസ്ഥലത്ത് സംസ്കരണശാലയുടെ പണികൾ ആരംഭിച്ച് വേഗത്തിൽ പണി പൂർത്തീകരിക്കുവാൻ വേണ്ട നടപടികളുമായി മുന്നോട്ടു പോകുകയാണെന്നും, സർക്കാരിന്റെ പൂർണ്ണമായ ഉടമസ്ഥതയിലുള്ളതും, സഞ്ചിത നഷ്ടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന സ്ഥാപനം എന്ന നിലയിൽ നിലവിലെ ലീസ് തുക സ്ഥാപനത്തിന് താങ്ങാവുന്നതിലും അധികമാണെന്നും, സംസ്കരണ ശാല പ്രവർത്തനക്ഷമമായി ലാഭകരമാകുന്നത് വരെയുള്ള കാലയളവ് വരെ ഈ തുക ലീസ് ഇനത്തിൽ നൽകുന്നത് സ്ഥാപനത്തെ കടുത്ത സാമ്പത്തിക ഞെരുക്കത്തിൽ കൊണ്ടെത്തിക്കുന്നതാണെന്നും, ആയതിനാൽ G.O.(Ms) 89/2021/RD dated 26.02.2021 പ്രകാരം അനുവദിച്ച ഭൂമിയുടെ ലീസ് തുക ഏക്കർ ഒന്നിന് 1000/- രൂപ ക്രമത്തിൽ അനുവദിച്ചു നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കെപ്കോ മാനേജിങ് ഡയറക്ടർ മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുള്ളതാണ്. 2024-2025 സാമ്പത്തിക വർഷത്തെ Provisional tax audit കണക്ക് പ്രകാരം സഞ്ചിത നഷ്ടം 15.03 കോടി രൂപയാണെന്നും കെപ്കോ മാനേജിങ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4.) നിലവിൽ നിശ്ചയിച്ചിരിക്കുന്ന ഈ പാട്ടത്തുക സ്ഥാപനത്തിന് താങ്ങാവുന്നതിലും കൂടുതലാണെന്നും, ആയത് കുറച്ചുനൽകണമെന്നുമാവശ്യപ്പെട്ടുകൊണ്ട് ബഹു.മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മന്ത്രിയും, KEPCO മാനേജിങ് ഡയറക്ടറും ബഹു.റവന്യൂ വകുപ്പ് മന്ത്രിക്ക് നിവേദനങ്ങൾ നല്കിയിട്ടുള്ളതാണ്. 17.11.2021 തീയതിയിൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു.മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിലും ചേർന്ന യോഗത്തിൽ, "പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കുവാൻ നിർവാഹമില്ലെന്നും, പാട്ടത്തിന് നൽകാനേ കഴിയൂ എന്നും, കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷന് (KEPCO) നൽകിയ ഭൂമിയുടെ പാട്ടത്തുക കുറയ്ക്കുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കാവുന്നതാണെന്നും" ബഹു.റവന്യൂ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടിരുന്നു. ഭക്ഷ്യോത്പ്പാദനവും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാർ സ്ഥാപനമാണ് KEPCO യെന്നും, ആയതിനാൽ പൊതു താത്പര്യം മുൻനിർത്തി പാട്ടത്തുകയിൽ കുറവ് വരുത്തുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണെന്നാണ് ഈ വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ അഭിപ്രായമറിയിച്ചത്.

5.) ടി വിഷയം വിശദമായി പരിശോധിച്ചു. 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം, പഞ്ചായത്ത് പ്രദേശങ്ങളിൽ ഭൂമി പാട്ടത്തിന് നല്കുന്നതിനുള്ള നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത് 06.02.2016-ലെ G.O.(Ms).No.96/2016/RD നമ്പർ ഉത്തരവ് പ്രകാരമാണ്. KEPCO എന്നത് കേരള സർക്കാരിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ്. അതിനാൽ പ്രസ്തുത ഉത്തരവിലെ "Land leased out to Public Sector Institutions of the State Government" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, കമ്പോളവിലയുടെ 2% നിരക്കിലാണ് വാർഷിക പാട്ടം കണക്കാക്കിയിരിക്കുന്നത്. G.O.(Ms) 89/2021/RD dated 26.02.2021 പ്രകാരം കമ്പോളവിലയുടെ 2% തുകയായ 3,24,000/- രൂപ വാർഷിക പാട്ടമായി കണക്കാക്കികൊണ്ടാണ് 2020-21 മുതൽ 15 വർഷത്തേക്ക് പാട്ടത്തിന് നല്കിയത്. ഇതിന് ധനകാര്യ വകുപ്പിന്റെയും, മന്ത്രിസഭയുടെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കെപ്കോ-യ്ക്ക് നൽകിയ ഭൂമിയുടെ പാട്ടത്തുക കുറയ്ക്കുന്ന വിഷയത്തിൽ അഭിപ്രായമറിയിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ ഫയൽ മൃഗസംരക്ഷണ വകുപ്പിന് കൈമാറിയിരുന്നു.

6.) "സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ളതും സഞ്ചിത നഷ്ടത്തിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന സ്ഥാപനമാണ് കെപ്കൊ എന്നത് കണക്കിലെടുത്തും, കോഴി കർഷകരെ സഹായിക്കുന്നഒരു സ്ഥാപനമായതിനാലും കെപ്കൊ മാനേജിങ് ഡയറക്ടർ അഭ്യർത്ഥിച്ച പ്രകാരം പാട്ട തുകയിൽ ഏക്കർ ഒന്നിന് 1000/- രൂപ നിരക്കിൽ അനുവദിച്ച് നൽകണമെന്ന് റവന്യൂ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു" എന്ന ബഹു.മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ അഭിപ്രായ സഹിതം പ്രസ്തുത വകുപ്പിന്റെ F1/127/2021/AH നമ്പർ ഫയൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി.

7.) "2025-26 സാമ്പത്തിക വർഷം മുതൽ പാട്ടത്തുക ഏക്കർ ഒന്നിന് 1000 രൂപ നിരക്കിൽ നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭയുടെ പരിഗണയ്ക്ക് സമർപ്പിക്കാവുന്നതാണ്" എന്ന അഭിപ്രായ സഹിതം ബഹു.റവന്യൂ വകുപ്പ് മന്ത്രി ടി ഫയൽ ബഹു.ധനകാര്യ വകുപ്പ് മന്ത്രിക്ക് കൈമാറുകയും, ബഹു.ധനകാര്യ വകുപ്പ് മന്ത്രി ഈ നിർദേശം അംഗീകരിക്കുകയും, ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയുമുണ്ടായി.

8.) സർക്കാർ ഭൂമി കൈമാറ്റം, റവന്യൂ വകുപ്പിന്റെ അധികാരത്തിൽ വരുന്നതാകയാൽ, വിഷയം റവന്യൂ വകുപ്പ് മുഖേന മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ മൃഗസംരക്ഷണ വകുപ്പിന്റെ F1/127/2021/AH നമ്പർ ഫയലിൽ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ബ്രോയിലർ ഫാം ആരംഭിക്കുന്നതിനായി കൊല്ലം കൊട്ടാരക്കര താലൂക്കിലെ കോട്ടുക്കൽ വില്ലേജിൽ ബ്ലോക്ക് 44-ൽ റീ സർവ്വേ നം 55-ൽ കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷന് (കെപ്കോ) നൽകിയ 10 ഏക്കർ ഭൂമിയുടെ പാട്ടത്തുകയിൽ ഇളവ് നൽകി, 2025-2026 സാമ്പത്തിക വർഷം മുതൽ ഏക്കർ ഒന്നിന് 1000 രൂപ നിരക്കിൽ പുതുക്കി നിശ്ചയിച്ച് നല്കാവുന്നതാണോ?